ഇഹ്സാൻ ●

# സ്വാർഥത പിളർത്തിയ ജംഇയ്യത്ത്

**തീർത്തും** അനുചിതമായ സമയത്താണ് ജംഇയ്യത്തുൽ ഉലമായെ ഹിന്ദിനകത്ത് പിളർപ്പ് നടന്നതെന്നാണ് സംഘടനയുടെ ഇരുവിഭാഗം നേതാക്കളും ഇപ്പോൾ പറയുന്നത്. അനൗചിത്യം എന്താണെന്ന വിശദീകരണമാകട്ടെ ഏവരെയും അമ്പരപ്പിക്കുന്നതാവുകയുമാണ്. സംഘടനയുടെ സ്വത്തുവകകളുടെ നിയന്ത്രണത്തെ ചൊല്ലി ആരംഭിച്ച കുടുംബവഴക്ക് മാത്രമായിരുന്നു യഥാർഥത്തിൽ സംഘടനയിലെ അധികാരത്തർക്കം. രണ്ടു വർഷം മുമ്പ് അസ്അദ് മദനി മരിച്ചപ്പോൾ സംഘടനയുടെ പുതിയ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടത് അദ്ദേഹത്തിന്റെ അളിയനായ അർശദ് മദനിയാണ്. അസ്അദ് മദനിയുടെ മകനും നിലവിൽ രാജ്യസഭാ എം.പിയുമായ മഹ്മൂദ് മദനിയെ അദ്ദേഹം മറികടക്കാൻ ശ്രമിച്ചതോടെ കുഴപ്പം തുടങ്ങി. സാമ്പത്തികമായ കാര്യങ്ങളിൽ അർശദ് മദനി പിടിമുറുക്കാൻ ശ്രമിച്ചതാണ് യഥാർഥത്തിൽ ഇരുവർക്കുമിടയിൽ ചേരിപ്പോരിന് തുടക്കം കുറിച്ചത്. കോടിക്കണക്കിന് രൂപയുടെ സ്വത്തുവകകളാണ് ഈ സംഘടനക്കുള്ളത്. അവ പക്ഷേ, കുടുംബസ്വത്തു പോലെയാണ് ഉപയോഗിക്കപ്പെട്ടിരുന്നത്. അസ്അദ് മദനിയുടെ കാലത്ത് നിഴലായി ഒതുങ്ങേണ്ടി വന്ന അർശദ് മദനി, അധികാരം തന്റേതായപ്പോൾ കിട്ടിയ അവസരം പാഴാക്കിയില്ല. കുടുംബവഴക്ക് പതുക്കെ സംഘടനയിലേക്ക് പടരുകയും ചെയ്തു.

പക്ഷേ, പറഞ്ഞുപറഞ്ഞ് അതിപ്പോൾ ഭീകരതയും ഇസ്ലാമും ബി.ജെ.പിയുടെ ഫാഷിസവും എല്ലാം ഉൾപ്പെട്ട ഒരു അഴിയാക്കുരുക്കാവുകയാണ്. ജംഇയ്യത്തുൽ ഉലമായെ ഹിന്ദിനെ പിളർത്താൻ ബി.ജെ.പിയാണ് ശ്രമിച്ചതെന്ന ആരോപണം പോലും ഉയർന്നിട്ടുണ്ട്. അർശദ് മദനി എക്സിക്യൂട്ടീവിൽ കൊണ്ടുവന്ന നേതാക്കളിലൊരാളാണ് സംഘടനക്കകത്തെ ഉപജാപത്തിന് കാരണമായതത്രെ. ഇസ്ലാമും ഭീകരതയും തമ്മിൽ ബന്ധമില്ലെന്ന് സ്ഥാപിച്ചുകൊണ്ട് ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ നേതൃത്വത്തിൽ ദാറുൽ ഉലൂം ദയൂബന്തിൽ ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന സെമിനാർ മുതൽക്കാണ് കുഴപ്പങ്ങൾ പുറത്തുവരാൻ തുടങ്ങിയത്. സെമിനാറിന്റെ വിജയത്തിൽ അസ്വസ്ഥരായ ഇസ്ലാമിന്റെ ശത്രുക്കൾ സംഘടനക്കകത്ത് കയറിക്കൂടി കുഴപ്പങ്ങളുണ്ടാക്കുകയാണെന്നും മഹ്മൂദ് ഇതിൽ കരുവായെന്നും അർശദ് ആരോപിക്കുന്നു. ഇതുതന്നെയാണ് മഹ്മൂദ് മദനിയും പറയുന്നത്. എന്നാൽ പിന്നെ ഇരു നേതാക്കൾക്കും ഒന്നിച്ചിരുന്ന് ഇസ്ലാമിന്റെ ഈ ശത്രുക്കളെ എതിർത്തു തോൽപ്പിക്കരുതോ? അതുമാത്രം നടക്കുന്നത് കാണാനില്ല.

ഏതായാലും ഭീകരതയെ ചൊല്ലി മറ്റൊരു നിലയിൽ തർക്കം മുറുകുന്നത് കാണാനുണ്ട്. ഇസ്ലാമും ഭീകരതയും തമ്മിൽ ബന്ധമില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇന്ത്യയിലുടനീളം സെമിനാർ നടത്തുമെന്ന് മഹ്മൂദ് മദനിയും കൂട്ടരും തീരുമാനമെടുത്തിരിക്കുന്നു. ഫെബ്രുവരിയിലെ സെമിനാറിൽ ദയൂബന്തിൽ തയാറാക്കിയ പ്രമേയങ്ങൾക്ക്, ഏപ്രിൽ 12-ന് നടത്തുന്ന സെമിനാറിൽ അംഗീകാരം നൽകുമത്രെ. പഴയ പ്രമേയങ്ങൾക്ക് സംഘടനയുടെ അംഗീകാരമുണ്ടായിരുന്നില്ലെന്ന് ചുരുക്കം. ഇസ്ലാം ഒരുതരത്തിലും പെട്ട അക്രമ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നില്ലെന്ന പ്രമേയമാണ് ഇതിൽ സുപ്രധാനം. ഇസ്രയേലും അമേരിക്കയും, ഫലസ്തീനിലും മധ്യപൗരസ്ത്യ രാജ്യങ്ങളിലും നടത്തുന്ന അതിക്രമങ്ങളെ വിമർശിക്കുന്ന പ്രമേയങ്ങളും അവതരിപ്പിക്കും. പക്ഷേ കൂട്ടത്തിൽ പുതിയ അധ്യക്ഷനെയും തെരഞ്ഞെടുക്കും. അർശദ് മദനിയെ പുറത്താക്കാൻ മഹ്മൂദ് മദനി വിളിച്ചു ചേർത്ത ജനറൽബോഡി യോഗം നിയമവിരുദ്ധമാണെന്ന വാദം കോടതി കയറുന്നതിനിടയിലാണ് ഈ പുതിയ യോഗം! ദയൂബന്തിന്റെ ഡെപ്യൂട്ടി റെക്ടർ ഖാരി ഉസ്മാൻ, ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ പുതിയ അധ്യക്ഷനാവുമെന്നും കേൾക്കാനുണ്ട്.

ഇരുകൂട്ടരും പറയുന്ന കാര്യങ്ങൾ ഏതാണ്ടൊക്കെ സമാനമാണെങ്കിലും പ്രവൃത്തി കണ്ടാൽ തോന്നുക ഭീകരത ഇസ്ലാമിന്റെ ഭാഗമാണെന്ന് രണ്ടിലൊരു കൂട്ടർ വിശ്വസിക്കുന്നതുകൊണ്ടാണ് മറ്റേകൂട്ടർ സംഘടന പിളർത്തിയതെന്നാണ്. ഇസ്ലാമിന് ഭീകരതയുമായി ബന്ധമില്ലെന്ന സെമിനാറിന്റെ സംഘാടകൻ അർശദ് മദനിയായിരുന്നു. ഈ സെമിനാറിന്റെ വിജയം സംഘടനക്കകത്തും മുസ്ലിം സമൂഹത്തിലും അർശദ് മദനിയുടെ പ്രതിഛായ കുത്തനെ ഉയർത്തിയ ഘട്ടത്തിലാണ് അപസ്വരങ്ങളുടെ തുടക്കം. മറുഭാഗത്ത് ഭീകരതക്കെതിരെ തന്റെ നിലപാടാണ് കൂടുതൽ കർക്കശമെന്ന് വരുത്തിത്തീർക്കാനാണ് മഹ്മൂദിന്റെ ശ്രമം. എന്തായാലും മൗലാനാ അബുൽ കലാം ആസാദിന്റെ കാലം തൊട്ട് സംഘടനയുടെ ശക്തികേന്ദ്രമായിരുന്ന ദാറുൽ ഉലൂം ദയൂബന്ത് തന്നെ ഏറ്റവുമൊടുവിൽ ജംഇയ്യത്തിന്റെ പതനത്തിനും വേദിയാവുകയാണ്.

സമ്പത്തിനു വേണ്ടി പിളർന്ന മുസ്ലിം സംഘടനകളിൽ പലതും പിൽക്കാലത്ത് രഞ്ജിപ്പിന്റെ വഴിയന്വേഷിച്ചു നടക്കുന്ന കാഴ്ചകളാണ് ഈയടുത്ത കാലത്തായി കാണുന്നത്. ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ കാര്യത്തിൽ ഈ ദുരവസ്ഥയുണ്ടാകുന്ന സമയം അനുചിതം എന്നതിനേക്കാളുപരി ഗൗരവപൂർണമാണ്. മുസ്ലിം രാഷ്ട്രീയത്തിന് ദിശാബോധം നൽകുന്നതിൽ ഏറ്റവും സജീവമായി രംഗത്തുണ്ടായിരുന്ന സംഘടനയായിരുന്നു ഇവർ. ഒരുപക്ഷേ ഉത്തരേന്ത്യയിൽ എല്ലായിടത്തും വേരുകളുള്ള അപൂർവം സംഘടനകളിലൊന്ന്. ആസാമിലും ബംഗാളിലും ഉത്തരേന്ത്യയിലെ വിവിധ കേന്ദ്രങ്ങളിലും കഴിഞ്ഞ നാലു വർഷക്കാലയളവിൽ മുസ്ലിം രാഷ്ട്രീയം ശക്തിപ്പെട്ടത് ജംഇയ്യത്തിന്റെ പിൻബലത്തിലായിരുന്നു. അവർ പിളരരുതെന്ന് ആഗ്രഹിച്ച എല്ലാ അഭ്യുദയകാംഷികളെയും നിരാശപ്പെടുത്തി രണ്ട് നേതാക്കളുടെ സ്വാർഥത വിജയിക്കുകയാണ്. ■